# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26




## എൻ.എസ്.എസ്.

## എച്ച്.എസ്.എസ് പ്രാക്കുളം

### കാഞ്ഞാവെളി

## സമഗ്ര വിദ്യാലയ വികസനരേഖ

# Details of School

| | | |
|---|---|---|
| Name of School | : | NSS HSS Prakkulam |
| | | Kanjavely, Kollam |
| Established | : | 1918 |
| School Code | : | 41054 (HS) |
| | | 02068 (HSS) |
| Phone | : | 0474- 2704022 |
| E-mail | : | 41054kollam@gmail.com |
| No. of Divisions | : | UP- 9 |
| | | HS-12 |
| | | HSS – 8 |
| Name of HM with Mob. No | : | K.R LEKHA , 9495094815 |
| Name of Principal with Mob.No | : | Dr. P N BIJUMOHAN , |
| | | 9074943050 |

**Total Teachers**

UP-12

HS -17

HSS-18

**Other Staffs**

Clerk -1

Peon – 2

Menial - 1

Lab Assistant - 2

# Details of School

| | | |
|---|---|---|
| Name of School | : | N.SS HSS Prakkulam<br>Kanjaveli (P.O), Kollam |
| Phone | : | 0474 -2704022 |
| School Code | : | 41054 (HS)<br>02068(HSS) |
| Educational Sub district | : | Kollam |
| Educational District | : | Kollam |
| Name of District | : | Kollam |
| Block Resource Centre | : | Kollam |
| Cluster Resource Centre | : | Ashtamudy G.H.S |
| Name of Block | : | Chittumala |
| Name of Panchayat | : | Thrikkaruva |
| Name of Village | : | Thrikkaruva |
| E-mail | : | 41054kollam@gmail.com |

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ചരിത്രം
- ലക്ഷ്യങ്ങൾ
- വികസനപദ്ധതി രൂപീകരണം
- നിലവിലുള്ള അവസ്ഥ വിശകലനം
- അക്കാദമികം നേട്ടങ്ങൾ - പരിമിതികൾ
- മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ

  മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം
- പ്രതീക്ഷിത നേട്ടങ്ങൾ
- അധ്യാപകർ- നിലവിലുള്ള അവസ്ഥ
- കുട്ടികൾ- നിലവിലുള്ള അവസ്ഥ
- നിലവിലുള്ള കമ്മിറ്റികൾ
- നടപ്പുവർഷം- മികവുകൾ, നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# ആമുഖം

നമ്മുടെ നാടിന്റെ നൻമയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടമായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിച്ചു വന്നത് പൊതു വിദ്യാലയങ്ങളിലൂടെയാണ്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക് രംഗത്തും കലാ രംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ വിദ്യാലയങ്ങൾക്ക് കഴിയണം.

എല്ലാവരെയും ഉൾപ്പെടുത്തിയുള്ള സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നതിലൂടെ സ്കൂളിന്റെ അക്കാദമിക നിലവാരം പൊതുസമൂഹത്തിന് മുന്നിൽ നിലനിർത്തിക്കൊണ്ട് മുന്നേറാൻ കഴിയുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെയും, PTA യുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയോടെ ഈ വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ വികസനമാണ് ഈ പ്ലാനിംഗിലൂടെ ലക്ഷ്യമിടുന്നത്.

ഈ പദ്ധതി രൂപീകരണത്തിൽ ഹെഡ്മിസ്ട്രസ്, പ്രിൻസിപ്പാൾ, അധ്യാപകർ, പി.റ്റി.എ അംഗങ്ങൾ, എൽ.എസ്.ജി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# എൻ.എസ്.എസ്.എച്ച്.എസ്.എസ് പ്രാക്കുളം

# വിദ്യാലയത്തിന്റെ ചരിത്രം

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ തൃക്കരുവ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് എൻ. എസ്. എസ് .എച്ച് . എസ് .എസ് പ്രാക്കുളം. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ സരസ്വതീ ക്ഷേത്രം നിരവധി പേരെയാണ് ഉന്നതങ്ങളിലേക്ക് കൈപിടിച്ച് ഉയർത്തിയത്.

അക്ഷരവെളിച്ചമില്ലാതിരുന്ന കാലത്ത് പ്രാക്കുളം ഗ്രാമത്തിൽ പഠിക്കുവാൻ ഒരു വിദ്യാലയം ആവശ്യമാണെന്ന് കണ്ട് നവോത്ഥാന നായകനും മുൻകാല രാഷ്ട്രീയ പ്രവർത്തക നുമായ കുമ്പളത്ത് ശങ്കുപിള്ളയുടെ ജ്യേഷ്ഠ സഹോദരനും എൻ.എസ്.എസ് നേതാവുമായിരുന്ന പ്രാക്കുളം പരമേശ്വരൻ പിള്ളയാണ് വിദ്യാലയം സ്ഥാപിച്ചത്. 1917 ൽ വെറും നാല് വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച സ്കൂൾ 1921-22 ൽ മിഡിൽ സ്കൂൾ പൂർത്തിയാക്കി. 1926 ൽ ഹൈസ്ക്കൂൾ പഠനം ആരംഭിച്ചു. 2000 ൽ എച്ച് എസ് എസ് ആയി അപ്ഗ്രേഡ് ചെയ്തു.

മഹാനായ കർമ്മയോഗി , ഭാരതകേസരി മന്നത്ത് ആചാര്യന്റേയും ശ്രീനാരായണ ഗുരുദേവന്റേയും പാദസ്പർശ മേറ്റ മണ്ണാണ് എൻ എസ് എസ് എച്ച് എസ് എസ് പ്രാക്കുളം. മുൻ മന്ത്രിമാരായ എം എ ബേബി, വി പി രാമകൃഷ്ണപിള്ള തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽപെട്ട ഒട്ടേറെ പ്രമുഖരായ വ്യക്തികളെ വാർത്തെടുത്ത മഹത്തായ സ്ഥാപനമാണ് എൻ എസ് എസ് എച്ച് എസ് പ്രാക്കുളം . UP, HS, HSS എന്നീ വിഭാഗങ്ങളിലായി 1108 വിദ്യാർത്ഥികൾ ഇന്നിവിടെ പഠിക്കുന്നുണ്ട് .

# ലക്ഷ്യങ്ങൾ

- പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക.
- പ്രകൃതിക്ക് ഇണങ്ങിയ തരത്തിൽ ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത -ലഹരി മുക്ത ഹരിത ക്യാമ്പസ് സൃഷ്ടിക്കുക.
- മാതൃഭാഷാ നിലവാരം ഉയർത്തുക.
- പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.
- പ്രയാസം അനുഭവിക്കുന്ന വിഷയങ്ങളായ കണക്ക്, ഇംഗ്ലീഷ് എന്നിവയ്ക്ക് പ്രാധാന്യം നൽകുക.
- കുട്ടികളിൽ വിഷയപഠനത്തിന് ഉപരിയായി സർഗ്ഗപരമായ കഴിവുകളും വികസിപ്പിക്കുക.
- മാനേജ്മെന്റിന്റെ സഹായത്തോടെ ഭൗതികസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- ജൈവവൈവിദ്ധ്യ ഉദ്യാനം വിപുലീകരിക്കുക.
- ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കലാകായികരംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകുക.
- 5 കി.മീ. ചുറ്റളവിലുള്ള മുഴുവൻ കുട്ടികളേയും ഈ സ്കൂളിന്റെ സംവിധാനത്തിലൂടെ പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക.
- സ്കൂളിനെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക.
- കുട്ടികളിൽ മാനുഷിക മൂല്ല്യങ്ങളും ധാർമ്മികതയും വളർത്തുക.
- കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുക.

# വികസന പദ്ധതി രൂപീകരണ പ്രക്രിയ-
# വിവിധ ഘട്ടങ്ങളിൽ നടന്ന കാര്യങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ സ്കൂൾ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും ചെയ്തു.
2. വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ വിഷയ അടിസ്ഥാന ത്തിൽ ഭൗതികം, അക്കാദമികം,സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി.
3. കരട് രൂപരേഖ എസ്.ആർ.ജി, പി.റ്റി.എ തുടങ്ങിയവരടങ്ങിയ ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തൽ.
5. സ്കൂൾ മാനേജ്മെന്റിനെ വിഷയം അവതരിപ്പിക്കൽ.
6. എച്ച്.എം, പ്രിൻസിപ്പാൾ. പി.റ്റി.എ അംഗങ്ങൾ, അദ്ധ്യാപകർ, മറ്റ് സ്റ്റാഫുകൾ , പൂർവ്വവിദ്യാർത്ഥികൾ, എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ, തദ്ദേശസ്വയംഭരണ അംഗങ്ങൾ തുടങ്ങിയവരുടെ കൂട്ടായ ശ്രമത്തോടെ സമഗ്ര വിദ്യാലയ വികസന രേഖ തയ്യാറാക്കൽ.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഗണിതശേഷി വികസനം | ഓഫീസ് ഡിജിറ്റലൈസേഷൻ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഭാഷാശേഷി വികസനം | മാലിന്യസംസ്കരണം | പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ഇംഗ്ലീഷ് പഠന പരിപോഷണം | കുടിവെള്ള വിതരണം | ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ |
| ശാസ്ത്രപോഷണ പരിപാടി<br>ലബോറട്ടറി നവീകരണം<br>ലൈബ്രറി ശാക്തീകരണം | ഭോജനശാല<br>ആഡിറ്റോറിയം | സന്നദ്ധസംഘടനകൾ, പൂർവ്വാധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ഐ.ടി പരിശീലനം<br>സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം<br>പഠനയാത്രകൾ | ചിൽഡ്രൻസ് പാർക്ക് | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| പ്രവൃത്തിപരിചയ പഠനം<br>കലാ പരിപോഷണം<br>പച്ചക്കറിതോട്ടം<br>മെഡിക്കൽ ക്യാമ്പുകൾ | | ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| ഹരിത പരിസരം | ടോയിലറ്റ് | |
| ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |
| സമഗ്ര പഠന പിന്തുണാ പദ്ധതി | | |
| | | സ്കൂൾ സുരക്ഷാ സമിതി |

# അക്കാദമികം

## നേട്ടങ്ങൾ

1. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങളും പരിശീലനവും നൽകി, കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുന്നു.
2. ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും അധികസമയങ്ങളിൽ ഉള്ള പരിശീലനങ്ങളിലൂടെയും **SSLC** പരീക്ഷക്ക് മികച്ച വിജയവും കൂടുതൽ കുട്ടികൾ ഫുൾ എ പ്ലസ് നേടുന്ന വിദ്യാലയമായി മാറുവാൻ കഴിഞ്ഞു.
3. സമഗ്ര പഠന പിന്തുണാ പദ്ധതിയിലൂടെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നാക്കാവസ്ഥയിലേക്ക് എത്തിക്കാൻ കഴിഞ്ഞു.
4. എൻ.സി.സി, ആർമി,നേവൽ, ജെ.ആർ.സി. കൈറ്റ് തുടങ്ങിയ വൈവിദ്ധ്യമാർന്ന സന്നദ്ധസംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം കുട്ടികളിൽ വർദ്ധിപ്പിക്കുന്നു.
5. കുട്ടികളുടെ മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ രീതിയിൽ പാഠ്യപദ്ധതി വിനിമയം ചെയ്യാൻ പ്രാപ്തരായ ഒരു കൂട്ടം അദ്ധ്യാപകർ ക്ലാസുകൾ നയിക്കുന്നു.
6. കുട്ടികളുടെ പൊതുവിജ്ഞാനം കൂട്ടുന്നതിനും വിവിധ ക്വിസ് മത്സരങ്ങളിൽ ഉന്നതവിജയം നേടുന്നതിനുമായി '**GK Galany**' എന്ന പേരിൽ ക്വിസ് മത്സരം വിജയകരമായി നടന്നുവരുന്നു.
7. വിവിധ ക്ലബ്ബുകളായ ശുചിത്വ ക്ലബ്ബ്, സീഡ് ക്ലബ്ബ്, ലഹരിവിരുദ്ധ ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നു.
8. സീഡ് ക്ലബ്ബ്, എക്കോ ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തനഫലമായി സ്കൂളിൽ മനോഹരമായ ജൈവഉദ്യാനവും, കുട്ടികൾ ശേഖരിച്ച

പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് എക്കോ ബ്രിക്സ് വഴി എക്കോ ബ്രിക്സ് ഇരിപ്പിടവും നിർമ്മിക്കാൻ കഴിഞ്ഞു. ഈ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ സ്കൂൾ പ്ലാസ്റ്റിക് വിരുദ്ധ വിദ്യാലയമായി മാറാൻ കഴിഞ്ഞു.

9. പൊതിച്ചോറ് നിർത്തലാക്കിയതുവഴി സ്കൂളിൽ നിന്നും ഭക്ഷണാവശിഷ്ടങ്ങൾ ഒഴിവാക്കാനും സ്കൂൾ മാലിന്യമുക്തമാക്കാനും കഴിഞ്ഞു.
10. സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള **കളക്ടേഴ്സ് ബിൻ@ സ്കൂൾ**, **'എന്റെ തൂലിക'** പദ്ധതി എന്നിവ വഴി കുട്ടികൾ എഴുതിത്തീർത്ത പേനകൾ, മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് ഹരിത കർമ്മ സേനക്ക് കൈമാറുന്നു.
11. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നു.
12. വിവിധ തരത്തിലുള്ള പഠനയാത്രകൾ സ്കൂളിൽ നടത്തപ്പെടുന്നു.
13. കുട്ടികൾ നിർമ്മിച്ച ഇക്കോ ബ്രിക്സ് ഉപയോഗിച്ച് ആകർഷകമായ ഇരിപ്പിടം നിർമ്മിക്കാൻ കഴിഞ്ഞു.
14. കൗമാര ബോധവൽക്കരണ പരിപാടികൾ രക്ഷകർത്താക്കളുടേയും പി.ടി.എ യുടേയും പങ്കാളിത്തത്തോടെ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നു.
15. ദിനാചരണങ്ങൾ, വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെത്തിക്കുന്നു.

# അക്കാദമികം

## പരിമിതികൾ

1. എല്ലാ ക്ലാസ്മുറികളും ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർന്നി ട്ടില്ല. ക്ലാസ്മുറികളിൽ ടൈൽസ് പാകി ആകർഷകമാക്കാൻ കഴിഞ്ഞിട്ടില്ല.
2. ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ് എന്നിവ പ്രത്യേകമായിട്ടില്ല.
3. ശാസ്ത്ര ലാബ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് പ്രത്യേകമായില്ല.
4. പ്രവൃത്തിപരിചയ മേഖലയിൽ പരിശീലനം മികച്ചരീതിയിൽ നടത്തേണ്ടതുണ്ട്.
5. കലാമത്സരം, മ്യൂസിക്,ഡ്രോയിംഗ് എന്നിവക്ക് പ്രത്യേകം അദ്ധ്യാപകർ ഇല്ല.
6. കുട്ടികൾ പ്രവർത്തിച്ച് പഠിക്കുന്നതിന് ആവശ്യമായുള്ള ലാബ് ക്രമീകരണം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

# നിലവിലുള്ള അവസ്ഥ വിശകലനം

## അക്കാദമികം

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ഭാഷാ ലാബ് | ഇല്ല | 3 |
| ഗണിത ലാബ് | ഇല്ല | 2 |
| ക്ലാസ് ലൈബ്രറി | - | എല്ലാ ക്ലാസിലും |
| ഇംഗ്ലീഷ് ലാബ് | - | നവീകരണം |
| സ്കൂൾ ലൈബ്രറി | ഉണ്ട് (2) | നവീകരണം |
| ജൈവവൈവിധ്യ പാർക്ക് | ഉണ്ട് | മെച്ചപ്പെടുത്തൽ |
| പച്ചക്കറിതോട്ടം | ഉണ്ട് | |
| കലാകായിക പ്രവർത്തന ങ്ങൾ | ഉണ്ട് | മെച്ചപ്പെടുത്തൽ |
| പത്രം, മാസിക | ഉണ്ട് | |
| ക്ലാസ്, പി.ടി.എ | ഉണ്ട് | |
| പോഷകാഹാര പരിപാടി | ഉണ്ട് | |
| ശാസ്ത്ര ലാബ് | ഉണ്ട് | നവീകരണം |
| ബ്ലോഗ് | - | ആവശ്യമുണ്ട് |
| ഐ.ടി. പരിശീലനം | ഉണ്ട് | ആവശ്യമില്ല |

# അക്കാദമിക മികവിനായി
# ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം- അനായാസമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം-ശാസ്ത്രം, ഗണിതം, എസ് എസ്
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക്- വിപുലീകരണം
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. അധ്യാപക ശാക്തീകരണം- സ്കൂൾ SRG തലം
12. പ്രവൃത്തി പരിചയ പരിശീലനം
13. കലാ പരിപോഷണം
14. പച്ചക്കറിത്തോട്ടം
15. സാഹിത്യ ശില്പശാലകൾ
16. മെഡിക്കൽ ക്യാമ്പുകൾ
17. രക്തഗ്രൂപ്പ് നിർണ്ണയം
18. ലഘു ഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
19. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
20. ഭാഷാ ലാബ്
21. ഗവേഷണാത്മക പഠനം
22. കായികശേഷി വികസനം

23.വിലയിരുത്തൽ കാര്യക്ഷമമാക്കൽ

24.ചോദ്യപേപ്പർ ശില്പശാല

25.ജന്മദിന പുസ്തകം

26.ചിത്രരചനാ ക്യാമ്പ്

27.ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT പ്രവൃത്തി പരിചയ മേളകൾ

28.ക്ലാസ് പി .ടി. എ രക്ഷകർതൃ പങ്കാളിത്തം കൂടുതൽ
മെച്ചപ്പെടുത്തൽ

## I. മേഖല - അക്കാദമികം

### ഉപമേഖല - വായന പരിപോഷണം

### പ്രവർത്തനത്തിന്റെ പേര് : മധുരം മലയാളം

**ലക്ഷ്യം-**

1. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുക
2. ഭാഷാശുദ്ധിവരുത്തുന്നതിനും ഭാഷാപ്രയോഗം ശരിയാക്കുന്നതിനുമുള്ള അവസരമൊരുക്കൽ.
3. വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുത്തൽ.

### പ്രവർത്തനം

1. വായനാ സാമഗ്രികളുടെ നിർമ്മാണം 5 മുതൽ 10 വരെ ക്ലാസുകളിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ബഡ്ഡിംഗ് റൈറ്റേഴ്സ് മികവാർന്ന രീതിയിൽ പ്രയോജനപ്പെടുത്തി ലഭ്യമല്ലാത്ത പുസ്തകങ്ങൾ ശേഖരിക്കുന്നു.
2. സ്കൂൾ പി. റ്റി.എ യുടേയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തോടെ കൂടുതൽ പുസ്തകശേഖരണം നടത്തുന്നു.
3. ബാലസാഹിത്യകൃതികളായ യുറീക്ക, തളിര്,ഡൈജസ്റ്റ്, ശാസ്ത്രകേരളം ഇവ സ്പോൺസർ ചെയ്യുന്നു.
4. മികച്ച രചനകൾ തെരഞ്ഞെടുക്കുന്നു.
5. വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ വായിച്ച പുസ്തകങ്ങളുടേയും രചകളുടേയും അടിസ്ഥാനത്തിൽ രചനാപ്രവർത്തനങ്ങളും ക്ലാസ് മുറിയിൽ ചർച്ചയും നടത്തുന്നു.
6. വായിച്ച പുസ്തകങ്ങളുടെ പ്രകടിതരൂപങ്ങളുടെ അവതരണവേദിയായി സർഗ്ഗവേളകളും ബാലസഭകളും മാറണം എന്ന ലക്ഷ്യത്തോടെ അതിന്റെ ചുമതല കുട്ടികൾക്ക് നൽകുന്നു.

7. രചനകളുടെ പ്രസിദ്ധീകരണം സ്കൂൾ തലത്തിൽ രൂപപ്പെടുത്തി സ്കൂൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. രചന, ആസ്വാദനകുറിപ്പ്, പ്രകാശനം, പുസ്തകചർച്ച എന്നിവ പി.ടി.എ യുടെ സഹായത്തോടെ നടത്തുന്നു.

**ലൈബ്രറി ശാക്തീകരണം**

സ്കൂൾ ലൈബ്രറിയിലുള്ള പുസ്തകങ്ങളും വാങ്ങിയ പുസ്തകങ്ങളും ഉൾപ്പെടുത്തി സ്വതന്ത്രവായനയെ പരിപോഷിപ്പിക്കുന്നു.

**II . മേഖല - അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ് പഠനപരിപോഷണം**

**പ്രവർത്തനത്തിന്റെ പേര് : ഈസി ഇംഗ്ലീഷ്**

**ലക്ഷ്യം :**

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും , എഴുതാനും , സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ

1. **പഠന നിലകണ്ടെത്തൽ :-** പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കുട്ടികളുടെ നിലവിലുള്ള അറിവുകളും പരിമിതികളും കണ്ടെത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അധ്യാപകരുമായി ചർച്ച നടത്തി പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.
2. **അസംബ്ലി**

   ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷിലുള്ള അസംബ്ലി.
3. **ലൈബ്രറി**

   ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി സ്ഥാപിക്കുന്നു.

**4. പതിപ്പുകൾ / മാഗസീനുകൾ**

രചനാശില്പശാലയുടെ പതിപ്പുകളും, മാഗസീനുകളും രൂപീകരിക്കുന്ന വിധം മനസിലാക്കുന്നു. തുടർന്ന് എല്ലാമാസവും പതിപ്പുകൾ / മാഗസീനുകൾ പ്രസിദ്ധീകരിക്കുന്നു.

**5. രചനകളുടെ പ്രസിദ്ധീകരണം**

ക്ലാസിലും ശില്പശാലകളിലും രൂപപ്പെടുന്ന രചനകൾ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നു. പുസ്തക അച്ചടി , പ്രകാശനം പുസ്തക ചർച്ച എന്നിവ പഞ്ചായത്ത് ഭരണസമിതിയുടെ സഹായത്തോടെ നടത്തുന്നു.

## III. മേഖല - അക്കാദമികം

**ഉപമേഖല - ഗണിതശേഷി വികസനം**

**പ്രവർത്തനത്തിന്റെ പേര്- ഗണിതം മധുരം**

**ലക്ഷ്യം-**

1.കുട്ടികളുടെ ഗണിത നിലവാരം ഉയർത്തൽ

2.ഗണിതസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും

3.ജീവിതസന്ദർഭങ്ങളിൽ പഠിച്ച ഗണിതാശയങ്ങൾ ഉപയോഗിക്കൽ

**<u>പ്രവർത്തനങ്ങൾ</u>**

1. പഠനനില കണ്ടെത്തൽ- പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കുട്ടികളുടെ നിലവിലുള്ള അറിവുകളും പരിമിതികളും കണ്ടെത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗണിതാധ്യാപകരുമായി ചർച്ച നടത്തി പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.
2. **ഗണിത കൗതുകം -** ക്ലാസിന്റെ മുൻവശത്തായി കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന ഗണിത കൗതുക രചനകൾ ( ഗണിത കളികൾ, ഗണിത ക്വിസ്, ഗണിത ചിത്രങ്ങൾ ) പ്രദർശിപ്പിക്കുന്നു.

പ്രദർശിപ്പിക്കുന്നവയെ സംബന്ധിച്ച് കുട്ടികളുടെ കണ്ടെത്തലും അഭിപ്രായവും ക്ലാസിൽ ചർച്ച ചെയ്യുന്നു.

3.**ഗണിത ലൈബ്രറി** - ഗണിത പ്രശ്നങ്ങളും ഗണിതത്തെ സംബന്ധിക്കുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി സ്ഥാപിക്കുന്നു.

4.**ഗണിത പതിപ്പുകൾ / മാഗസീനുകൾ** - രചനാശില്പശാലയിലൂടെ പതിപ്പുകളും മാഗസീനുകളും രൂപീകരിക്കുന്ന വിധം മനസിലാക്കിക്കുന്നു. തുടർന്ന് എല്ലാ മാസവും പതിപ്പുകൾ / മാഗസീനുകൾ പ്രസിദ്ധീകരിക്കുന്നു.

**IV . മേഖല അക്കാദമികം**

**ഉപമേഖല- സമഗ്ര പഠന പിന്തുണ**

**പ്രവർത്തനത്തിന്റെ പേര്- പഠന പിന്തുണ**

**ലക്ഷ്യം**

1. എല്ലാ കുട്ടികൾക്കും തുല്യതയിലൂന്നിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം
2. എല്ലാ വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.

പ്രവർത്തനങ്ങൾ

1. കുട്ടികൾക്ക് വേണ്ടിയുള്ള പഠന പിന്തുണാ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
2. ഭിന്നശേഷി കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ എന്നിവർക്കുള്ള ക്ലാസ്സുകൾ നടന്നുവരുന്നു.
3. നിരന്തര മൂല്യനിർണ്ണയ പ്രക്രിയ നടന്നുവരുന്നു.
4. കുട്ടികളുടെ സമഗ്ര പഠന പുരോഗതി വിലയിരുത്തുന്നു.

**V. മേഖല - അക്കാദമികം**

**ഉപമേഖല : ഐ. ടി പരിശീലനം**

**പ്രവർത്തനത്തിന്റെ പേര് :ഐ ടി പഠനം**

**ലക്ഷ്യം**

1. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക.
2. ഐടി അധിഷ്ഠിത വിഷയ പഠനരീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കുക.

**പ്രവർത്തനങ്ങൾ**

1.ഐടി പഠനത്തിന് അനുയോജ്യമായ വിധം ക്ലാസ് മുറികൾ രൂപകല്പന ചെയ്യുന്നു.

2. ഓരോ കുട്ടികൾക്കും ഓരോ ലാപ്ടോപ്പ് ഉപയോഗിക്കാൻ സാധിക്കത്തക്ക വിധത്തിൽ പരിശീലനങ്ങൾ നൽകുന്നു.

3. സൈബർ ക്രൈം അവയർനസ് ക്ലാസുകൾ ഒരുക്കുന്നു.

**VI. മേഖല - അക്കാദമികം**

**ഉപമേഖല : ഹരിത പരിസരം**

**പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യ പാർക്ക് മെച്ചപ്പെടുത്തൽ,**
**പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം,**
**ഹരിത വിദ്യാലയം**

**ലക്ഷ്യം :**

ഇക്കോ ബ്രിക്ക്സ് നിർമ്മാണം: ഇക്കോ ബ്രിക്ക്സ് ഉപഗോഗപ്പെടുത്തി വൃക്ഷത്തിനുചുറ്റും ഇരിപ്പിട സജ്ജീകരണം

1. സസ്യശാസ്ത്രവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്ക് അവസരം നൽകുക
2. പാഠ്യപദ്ധതി സൂചിപ്പിക്കുന്ന വിവിധതരം സസ്യങ്ങളെ സ്കൂൾ കോമ്പൗണ്ടിൽ വളർത്തുക.

3. പ്ലാസ്റ്റിക് നിർമ്മാർജ്ജനം

4. സ്കൂൾ കോമ്പൗണ്ട് ആകർഷകമാക്കുക.

5. വിശ്രമസ്ഥലം നിർമ്മിക്കൽ

**പ്രവർത്തനങ്ങൾ**

1. സ്കൂൾ കോമ്പൗണ്ടിൽ ഉള്ള സസ്യങ്ങളുടെ പേരുകൾ ശേഖരിച്ച് വിദ്യാലയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു.

2. അനുയോജ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കൽ

3. 5 മുതൽ 10 വരെയുള്ള പാഠഭാഗങ്ങളിലെ സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കലും ശേഖരിക്കലും

4. പക്ഷികളേയും ജന്തുക്കളേയും ആകർഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

5. സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രകൃതി പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

**VII. മേഖല - അക്കാദമികം**

**ഉപമേഖല : ദിനാചരണം**

**പ്രവർത്തനത്തിന്റെ പേര് : സ്മരണകളിരമ്പും ദിനങ്ങൾ**

**ലക്ഷ്യം :**

1. വിവിധ വിഷയങ്ങളിലുള്ള അറിവും ധാരണയും വർദ്ധിപ്പിക്കുക.
2. കുട്ടികളിൽ ചിന്തയ്ക്കും ആസ്വാദനത്തിനും ഉള്ള അവസരം ഒരുക്കുക.
3. വിദ്യാലയ അന്തരീക്ഷത്തിൽ സൗഹൃദം കൂട്ടായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്തുക.
4. കൃത്യമായ ആസൂത്രണത്തിലൂടെ നടപ്പിലാക്കി കുട്ടികളുടെ സർഗ്ഗാത്മകതയെയും പ്രകടനശേഷിയേയും വികസിപ്പിക്കുക.

5. കുട്ടികളിൽ ദിനവുമായി ബന്ധപ്പെട്ട സ്മരണകൾ നിലനിർത്തുവാനും ആശയങ്ങൾ പ്രദർശിപ്പിക്കുവാനും സാഹചര്യം ഒരുക്കുക.
6. ദിനാഘോഷവുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തുക
7. ഓരോ ദിനാചരണത്തിനും അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി ആ ദിവസം നടപ്പിലാക്കുക.
8. ദിനാഘോഷങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുക

**പ്രവർത്തനങ്ങൾ**

പ്രോജക്ടുകൾ

സെമിനാറുകൾ

ക്വിസ്

ചിത്രരചന

പ്രസംഗം

കവിതാലാപനം

കുറിപ്പുകൾ

പ്ലക്കാർഡുകൾ

പ്രത്യേക അസംബ്ലി

**VIII . മേഖല അക്കാദമികം**

**ഉപമേഖല- ഗവേഷണാത്മക പ്രവർത്തനങ്ങൾ**

**പ്രവർത്തനത്തിന്റെ പേര്-ഗവേഷണവും കണ്ടെത്തലും**

**ലക്ഷ്യം**

1. കുട്ടികളുടെ പഠന പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള ഗവേഷണം നടത്തി പരിഹാരം കണ്ടെത്തുക
2. പഠനനേട്ടത്തിന് അനുയോജ്യമായ രീതിയിൽ ഉള്ള ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക

**പ്രവർത്തനങ്ങൾ**

1. കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തൽ
2. പഠന പ്രശ്നങ്ങളിൽ ഗവേഷണം നടത്തുന്നു. (എല്ലാ അധ്യാപകരും ഒരു ഗവേഷണമെങ്കിലും നടത്തിയിരിക്കണം)
3. സമഗ്ര പഠന പിന്തുണാ പദ്ധതിയിലൂടെ അധികസമയം കണ്ടെത്തി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മുഴുവൻ കുട്ടികളെയും എല്ലാ വിഷയങ്ങളിലും മുൻപന്തിയിലെത്തിക്കുന്നു.

## സാമൂഹികം

**I. മേഖല - സാമൂഹികം**

**ഉപമേഖല - പി.ടി.എ ശക്തിപ്പെടുത്തൽ**

**ലക്ഷ്യം**

1. സ്കൂളിന്റെ വികസനത്തിൽ പങ്കാളിത്തം ശക്തമാക്കുക
2. സ്കൂൾ വികസന പദ്ധതിയിൽ പരാമർശിച്ചവയ്ക്ക് വേണ്ടുന്ന ഫണ്ട് കണ്ടെത്തലും സമയബന്ധിതമായി തീർക്കലും
3. കുട്ടികളിൽ ആവർത്തിച്ചുവരുന്ന സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുക.

**II. മേഖല - സാമൂഹികം**

**ഉപമേഖല - വിദ്യാലയ വികസന സമിതി**

**ലക്ഷ്യം**

1. വിദ്യാലയ വികസന പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പ്രവർത്തന ങ്ങൾക്ക് ആവശ്യമായ സാമ്പത്തികം ശേഖരിക്കുക
2. വികസനപ്രവർത്തനങ്ങൾ നിരീക്ഷിക്കുക

**III. മേഖല - സാമൂഹികം**

**ഉപമേഖല - പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം**

**ലക്ഷ്യം**

1. വിദ്യാലയ വികസന പദ്ധതിക്ക് അനുയോജ്യമായ മാനുഷിക വിഭവങ്ങൾ നൽകൽ.
2. വിദ്യാലയ മികവുകൾ, പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തിക്കൽ

**IV. മേഖല - സാമൂഹികം**

**ഉപമേഖല - ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, പൂർവ്വാധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ**

**ലക്ഷ്യം**

1. ശാസ്ത്രീയമായി തയ്യാറാക്കിയ ലൈബ്രറി,ബഹുഭാഷാ ലൈബ്രറി ഇവയെ സ്കൂളുമായി ബന്ധിപ്പിക്കൽ
2. ക്ലബ്ബുകളുടെ സ്രോതസ്സുകൾ (സ്പോർട്സ് ഉപകരണങ്ങൾ, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ)
3. സന്നദ്ധസംഘടനകളുടെ സേവനങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തൽ.
4. അക്കാദമികപ്രവർത്തനങ്ങളിൽ പൂർവ്വാധ്യാപകരുടേയും, പൂർവ്വവിദ്യാർത്ഥികളുടേയും പങ്കാളിത്തം ഉറപ്പാക്കുക.

**V. മേഖല - സാമൂഹികം**

**ഉപമേഖല - വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ**

**ലക്ഷ്യം**

1. സ്കൂളിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ സമൂഹത്തിലും എത്തിക്കുക സാമൂഹികമൂല്യം വളർത്തുക.

**VI. മേഖല - സാമൂഹികം**

**ഉപമേഖല - ക്ലാസ്സ് പി.ടി.എയിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുക**

**ലക്ഷ്യം-**

ക്ലാസിലെ അദ്ധ്യാപകരുടേയും കുട്ടികളുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മ രൂപീകരിക്കുക വിദ്യാർത്ഥി അദ്ധ്യാപക ബന്ധം ദൃഢപ്പെടുത്തൽ, പഠനവുമായി ബന്ധപ്പെട്ട കുട്ടികളുടെ പ്രവർത്തനങ്ങൾ, പ്രതികരണങ്ങൾ, കഴിവുകൾ, പ്രശ്നങ്ങൾ അദ്ധ്യാപകരുമായി പങ്കിടൽ.

**VII. മേഖല - സാമൂഹികം**

**ഉപമേഖല - സ്കൂൾ സുരക്ഷാ സമിതി**

**ലക്ഷ്യം**

1. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 12 അംഗ സമിതി നേതൃത്വം നൽകുന്നു.
2. സ്കൂളിന്റെ സുരക്ഷാപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.
3. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട അവബോധം നൽകുക

# ഭൗതികം

1. **മേഖല - ഭൗതിക**

**ഉപമേഖല - ഓഫീസ് ഡിജിറ്റലൈസേഷൻ**

**<u>ലക്ഷ്യം-</u>**

വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ.

**<u>പ്രവർത്തനം</u>**

വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ,അറ്റഡൻസ് രജിസ്റ്റർ, റ്റി.സി, തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കുകയും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും.

2. **മേഖല - ഭൗതികം**

**ഉപമേഖല - കുടിവെള്ള വിതരണം**

**<u>ലക്ഷ്യം-</u>**

ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ

**പ്രവർത്തനം**

വിദ്യാർത്ഥികൾക്ക് കുടിക്കാനുള്ള ശുദ്ധജലം സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കൽ.

ശുദ്ധജലം കുട്ടികൾക്ക് ലഭ്യമാക്കാൻ വിവിധ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ.

3. **മേഖല - ഭൗതികം**

**ഉപമേഖല - ചിൽഡ്രൻസ് പാർക്ക്**

**<u>ലക്ഷ്യം-</u>**

ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ

**പ്രവർത്തനം**

പ്രധാന മന്ദിരത്തിനു മുന്നിലുള്ള മുറ്റത്ത് ചിൽഡ്രൻസ് പാർക്ക് ഒരുക്കൽ

മുറ്റം ഉയരം കൂട്ടി ട്രെസ്റ്റ് വർക്ക് ചെയ്യൽ

**4. മേഖല - ഭൗതികം**

**ഉപമേഖല - ഡൈനിംഗ് ഹാൾ**

**ലക്ഷ്യം-**

പഠനം എന്നാൽ ശുചിത്വവും ആരോഗ്യവും ചേർന്നതാണ്

പ്രവർത്തനം

സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ.

ഡൈനിംഗ് ഹാളിൽ ആവശ്യാനുസരണം ബഞ്ച്, കസേര സ്ഥാപിക്കൽ.

**5. മേഖല - ഭൗതികം**

**ഉപമേഖല - ടോയ്‌ലറ്റ്**

**ലക്ഷ്യം-**

1. 25 കുട്ടികൾക്ക് ഒന്ന് എന്ന രീതിയിൽ ടോയ്‌ലറ്റ് നിർമ്മിക്കൽ
2. ശുചിത്വമുള്ളതും ശിശുസൗഹൃദവുമായ ടോയ്‌ലറ്റ് നിർമ്മിക്കുക
3. ശാരീരികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുക
4. നിലവിലുള്ള ടോയ്‌ലറ്റുകൾ നവീകരിക്കുക
5. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുക

# നിലവിലുള്ള അവസ്ഥ - ഭൗതികം

| ഇനം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| കുട്ടികളുടെ പാർക്ക് | ഇല്ല | ആവശ്യമുണ്ട് |
| ക്ലാസ് മുറികൾ | ഹൈടെക് ക്ലാസ് മുറികൾ | ആവശ്യമുണ്ട് |
| ഓഫീസ് മുറി | 2 | നവീകരണം |
| സ്റ്റാഫ് മുറി | 4 | നവീകരണം |
| ചുറ്റുമതിൽ | ഉണ്ട് | |
| ഗേറ്റ് | ഉണ്ട് | |
| കമ്പ്യൂട്ടർ മുറി | 2 | 2 |
| ലൈബ്രറി | 2 | നവീകരണം |
| ലബോറട്ടറി | 6 | നവീകരണം |
| മൾട്ടിമീഡിയ | - | ആവശ്യമുണ്ട് |
| ടോയ്‌ലറ്റ് | - | നവീകരണം |
| അടുക്കള | ഉണ്ട് | നവീകരണം |
| ഡൈനിംഗ് ഹാൾ | ഇല്ല | ആവശ്യമുണ്ട് |
| അസംബ്ലി ഹാൾ | ഉണ്ട് | നവീകരണം |
| മാലിന്യസംസ്കരണം | ഉണ്ട് | |
| ലാബുകൾ | ഉണ്ട് | നവീകരണം |
| കോൺഫറൻസ് ഹാൾ | - | |
| ആഡിറ്റോറിയം | ഉണ്ട് | നവീകരണം |
| കുടിവെള്ള ലഭ്യത | ഉണ്ട് | |
| റാമ്പ് വിത്ത് ഹാൻഡ് റെയിൽ | 1 | 1 |

## വിദ്യാലയത്തിലെ ഐ. ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 30 | 10 |
| ലാപ്ടോപ്പ് | 42 | 6 |
| പ്രൊജക്ടർ | 21 | 5 |
| റേഡിയോ | - | - |
| ടി.വി | 1(പ്രവർത്തിക്കുന്നില്ല) | 2 |
| ഇന്റർനെറ്റ് | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ്സ് റൂം | 20 | 10 |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമാക്കുന്നതിനുവേണ്ടി നിലവിലുള്ള പ്രവർത്തനങ്ങൾ

- എസ്.ആർ.ജി മീറ്റിംഗുകൾ
- സബ്ജക്റ്റ് കൗൺസിൽ
- പി.ടി.എ
- എം.പി.റ്റി.എ
- കൗമാര ജാഗ്രതാസമിതി -കുട്ടികളുടെ പ്രശ്നങ്ങൾ രക്ഷകർത്താക്കളുമായി പങ്കുവച്ച് പരിഹാരം കണ്ടെത്തുന്നു.
- സമഗ്ര പഠന പിന്തുണാ പദ്ധതി
- സ്കൂൾ സുരക്ഷാ സമിതി

| മേഖല : അക്കാദമികം | ഉപമേഖല: ഹിന്ദി ഭാഷാ വികസനം | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അക്ഷരങ്ങൾ , ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു . ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു | അക്ഷരമാല എഴുതിയ കാർഡ് , വാക്കുകൾ എഴുതിയ കാർഡ് എന്നിവ പ്രദർശിപ്പിക്കുന്നു. വാക്കുകൾ നിർമ്മിക്കുക, വാക്യങ്ങൾ നിർമ്മിക്കുക, ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ ജൂലൈ | അധ്യാപകർ |
| എണ്ണാൻ പഠിപ്പിക്കുക, ആഴ്ചകളുടേയും മാസങ്ങളുടേയും പേരുകൾ ഹിന്ദിയിൽ പഠിപ്പിക്കുക. വീട്ടുപകരണങ്ങളുടെ പേരുകൾ എഴുതാൻ പഠിപ്പിക്കക. | ജനനതീയതി ഹിന്ദിയിൽ എഴുതാൻ പഠിപ്പിക്കുന്നു. വർക്ക് ഷീറ്റുകൾ നല്കുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ഓഗസ്റ്റ് സെപ്ത ംബർ | അധ്യാപകർ |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായന പരിശീലിപ്പിക്കുന്നു.<br><br>ആശയങ്ങൾ തെറ്റുകൂടാതെ പറയുവാനും സർഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരം | കേട്ടെഴുത്ത് , പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ചെറുകഥകൾ പൂരിപ്പിക്കുക ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുക ക്ലാസ്, ലൈബ്രറി , ഹിന്ദി അസംബ്ലി , ഹിന്ദി ദിനാചരണങ്ങൾ നടത്തുക | ഒക്ടോ ബർ നവംബർ | അദ്ധ്യാപകർ ഹിന്ദി ക്ലബ് പ്രവർത്തകർ |

| | | | |
|---|---|---|---|
| പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പിബുക്കിൽ ഭംഗിയായി എഴുതുക. ഹിന്ദി ബാലഗീതങ്ങൾ , കവിതകൾ എന്നിവ ശേഖരിക്കുക. | ഭംഗിയായി കോപ്പി എഴുതുന്ന കുട്ടികളെ അഭിനന്ദിക്കുക, ചിത്രങ്ങൾ അടങ്ങിയ ചെറുപുസ്തകങ്ങൾ വായിക്കാൻ നല്കുക | ഡിസംബർ ജനുവരി | അദ്ധ്യാപകർ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് കലോത്സവം മികച്ച രീതിയിൽ നടത്തുക, പോസ്റ്റർ നിർമ്മാണം ചെറിയ മുദ്രാവാക്യങ്ങൾ എഴുതാൻ പഠിപ്പിക്കുന്നു. കവിതയുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കുക. | കലോത്സവങ്ങളിലെ പങ്കാളിത്തത്തിനായി കവിത ചൊല്ലൽ ഉപന്യാസം തയ്യാറാക്കൽ എന്നിവ നടത്തുന്നു. ഓരോ ദിവസത്തെയും ഡയറി ഹിന്ദിയിൽ എഴുതുക . ലൈബ്രറിയിൽ നിന്നും ഹിന്ദി പുസ്തകങ്ങൾ വായിക്കുക. | ഫെബ്രുവരി മാർച്ച് | അദ്ധ്യാപകർ |

**മേഖല : അക്കാദമികം** **ഉപമേഖല: ഗണിത വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | **ഗണിതശില്പശാല** കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, അബാക്കസ്) നിത്യജീവിതവുമായി ബന്ധപ്പെട്ടുവരുന്നഗണിതക്രിയയിലൂടെ കടന്നുപോകുമ്പോൾ ഗണിതക്രിയകൾ | ജൂൺ ജൂലൈ | അദ്ധ്യാപകർ ഗണിതത്തിൽ സമർത്ഥരായ കുട്ടികൾ | |

| | | | | |
|---|---|---|---|---|
| | കുട്ടികൾക്ക് എളുപ്പം ചെയ്യാൻ സാധിക്കുന്നതോടൊപ്പം അവശ്യബോധം ഉളവാക്കാനും സാധിക്കുന്നു | | | |
| ആശയ ധാരണ കൈവരിക്കൽ, ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | പ്രീടെസ്റ്റ്, മാത്സ്, ക്ലിനിക്,<br><br>ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ജൂൺ<br><br>ആവശ്യാനുസരണം | ഗണിത അധ്യാപകർ ഗണിത ക്ലബ്ബിലെ അംഗങ്ങൾ, PTA | P.T.A |
| നിർമിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ,<br><br>**<u>ഒറിഗാമി ശില്പശാല</u>**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലുടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | ജൂലൈ ആഗസ്റ്റ്<br><br>വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ<br><br>ഗണിത അധ്യാപകർ | |
| ഗണിതത്തെ നിത്യജീവിത വുമായി ബന്ധിപ്പിക്കുന്നു | ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | അധ്യാപകർ P.T.A | P.T.A |
| ഗണിത മത്സരങ്ങളിലും മേളകളിലും കുട്ടികളെ സജ്ജരാക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു, മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നു | മാസത്തിൽ രണ്ട് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ P.T.A | P.T.A |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്രസാങ്കേതി കവിദ്യസാധ്യതക ൾ ഗണിതപഠന ത്തിനായി ഉപയോഗി ക്കുന്നു | ഐടി സാധ്യത | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| രക്ഷിതാക്കളെ ബോധവത്കരിക്ക ൽ | മാസത്തിൽ 2 P.T.A ഗണിത പഠന രീതികൾ | 2 മാസത്തിൽ ഒന്ന് | അധ്യാപകർ, ഹെഡ്മിസ്ട്രസ് P.T.A പ്രസിഡന്റ് | P.T.A |
| ടേർമിനൽ പരീക്ഷകൾക്ക് തയ്യാറാക്കൽ | മോഡൽ ടെസ്റ്റുകൾ (3) | സെപ്തംബർ ഡിസംബർ ഫെബ്രുവരി | ഗണിത അധ്യാപകർ | P.T.A |

| **മേഖല : അക്കാദമികം** | **ഉപമേഖല: സോഷ്യൽ സയൻസ് വികസനം** | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയിലുള്ള അടിസ്ഥാനതലം മനസിലാക്കുന്നു. | **അക്കാദമിക വർഷം** | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തന ത്തിൽ ഏർപ്പെടാൻ | രക്ഷാപ്രവർത്തനങ്ങളി ൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| പഠിതാക്കളെ ബോധവാന്മാരാക്കുന്നു | | | |
| സാമൂഹികബോധം കുട്ടികളിലും ജനങ്ങളിലും വളർത്തുന്നതിന് | ദിനാചരണങ്ങൾ, വിവിധ മത്സരങ്ങൾ , (Quiz, ചിത്രരചന, പ്രസംഗം. പോസ്റ്റർ നിർമ്മാണം ) റാലി ( ഹിരോഷിമ, ഗാന്ധിജയന്തി, സ്വാതന്ത്ര്യദിനം) | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| Social Science Corner സജ്ജമാക്കുന്നു. | ഗ്ലോബ്, ഭൂപടം, പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്ന അസൈൻമെന്റ് , മാതൃകകൾ, നിർമിതികൾ എന്നിവ ഉൾപ്പെടുത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>SRG കൺവീനർ |

**മേഖല : അക്കാദമികം** **ഉപമേഖല: സയൻസ് വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | a). **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണ ങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ , ഊർജ്ജ ക്ലബ്, സയൻസ് ക്ലബ് , ഹെൽത്ത് ക്ലബ് |

| | | | |
|---|---|---|---|
| | ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു.<br><br>b). **ഔഷധത്തോട്ട നിർമ്മാണം** | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ , ഊർജ്ജ ക്ലബ്, സയൻസ് ക്ലബ് , ഹെൽത്ത് ക്ലബ് |
| ശാസ്ത്രപ്രക്രിയശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക . | **ശാസ്ത്രോത്സവം**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ,<br><br>സയൻസ് ക്ലബ് , |
| | **ശാസ്ത്ര ലൈബ്രറി**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാഗസിനുകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br><br>**ശാസ്ത്രവിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ<br><br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br><br>പുതിയ കണ്ടെത്തലുകൾ , ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ . പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം . | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| **മേഖല : അക്കാദമികം** | | **ഉപമേഖല: മലയാളം ഭാഷാ വികസനം** | |
|---|---|---|---|
| | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| കുട്ടികൾ ഭാഷ തെറ്റുകൂടാതെ പ്രയോഗിക്കുന്നതിനും അക്ഷര ജ്ഞാനം വളർത്തുന്നതിനും<br><br>ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവദനം നടത്തുവാനും പഠിതാക്കളെ പ്രാപ്തരാക്കുക | സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ചേർത്ത് വരുന്ന പദങ്ങൾ ഉാക്കൽ, പദസൂര്യനിർമാണം, നിഘുനിർമാണം, എന്റെ അവധികാലം<br><br>പഠിതാക്കൾ അവരുടെ അവധികാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>**ഭാഷാകേളി**<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ഛരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ ജൂലൈ | അധ്യാപകർ |

| | | | |
|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണ മായ വായന ഉറപ്പുവരുത്തു കയും വായനാശീലം വളർത്തുന്നതിനും | പത്രം, ആഴ്ചപതിപ്പ്, മാസിക കൾ എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാ രണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>ചിത്രങ്ങളോടുകൂടിയ ബാല സാഹിത്യകൃതികൾ ലൈബ്ര റിയിൽ നിന്നും വായിപ്പിക്കുന്നു. | എല്ലാ ദിവസവും<br><br>എല്ലാ മാസവും | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ |
| കുട്ടികളുടെ പഠ നനിലവാരത്തിന നുസൃതമായ പുസ്തകങ്ങളുടെ ലഭ്യമാക്കൽ<br><br>കുട്ടികളുടെ സർഗ്ഗാത്മക വാസന പരിപോഷിപ്പിക്കാൻ അവസരമൊ രുക്കൽ<br><br>പഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കൽ<br><br>സദസ്സിനെ അഭിമുഖീകരി ക്കാൻ പ്രാപ്തരാ ക്കുക | ലൈബ്രറിയിൽ നിന്നും തങ്ങളുടെ അഭിരുചിക്കനു സൃതമായ പുസ്തകങ്ങളുടെ ശേഖരണവും ദിനാചരണങ്ങ ളോടനുബന്ധിച്ച് പ്രസംഗം, ഉപന്യാസം, ചിത്രരചന, ക്വിസ് മത്സരങ്ങൾ നടത്തിയും വേ പ്രോത്സാഹനങ്ങൾ നല്കുന്നു.<br><br>എഴുത്തുകൂട്ടം രൂപീകരണം പുസ്തക ചർച്ച, വായനക്കുറിപ്പ് , പതിപ്പ്, വ്യക്തിഗത രചന സംഘരചന, ചുമർ പത്രിക , പതിപ്പ് തയ്യാറാക്കൽ<br><br>**<u>രംഗാവിഷ്കാരം</u>**<br>പാഠഭാഗങ്ങളുമായി ബന്ധ പ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അസംബ്ലിയിൽ അവതരിപ്പി ക്കാൻ അവസരം നല്കുന്നു<br><br>പ്രസംഗ പരിശീലനകളരി, വിവിധ വിഷയങ്ങൾ നല്കി പ്രസംഗം തയ്യാറാക്കുക, മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു | ഒക്ടോബർ ഡിസംബർ<br><br>അക്കാദമിക വർഷം<br><br>ജനുവരി മാർച്ച് | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | മുഴുവൻ കുട്ടികളേയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | ഫെബ്രുവരി -മാർച്ച് | ഐടി അദ്ധ്യാപകർ |

**മേഖല : അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ് ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class, English Library English Corner, Story Time, English Cartoon, English Assembly. Follow me if you can- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നല്കുന്നു. **Treasure Hunt:** വ്യത്യസ്തമായ വസ്തുക്കൾ അറകളിൽ ക്രമീകരിക്കുന്നു.ഏതെങ്കിലുമൊന്ന് select ചെയ്യാൻ പറയുന്നു. ലഭിച്ച വസ്തുവിനെകുറിച്ച് വിവരിക്കുന്നു. | Class room activity<br><br>Academic Year | English Teachers |
| | Profile & Script തയ്യാറാക്കുന്നതിനു വേണ്ടി English cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | Academic Year | English Teachers |

| | | | |
|---|---|---|---|
| | Learning Ladder പാഠഭാഗത്തിൽ നിന്നുമുള്ള തിര ഞ്ഞെടുത്ത വാക്കുകൾ ചാർട്ടി ലെഴുതി കണ്ണാടി യിൽനിന്നും വായി ക്കുവാൻ അവസരം നൽകുന്നു<br>Role play, English day ആചരണം | Academic Year | English Teachers |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക<br><br>സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | Story writing, Public speaking , English news Reading **പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി,അ സംബ്ലി ന്യൂസ് വായിക്കൽ**<br>News Reading Competition | Academic Year Assembly | English Teachers |
| നാടകീകരണം<br><br><br><br>കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. | English Assembly<br>Skit പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി skit, കഥാപ്രസംഗം, എന്നീ തന്ത്രങ്ങളി ലൂടെ അവതരിപ്പി ക്കുന്നു<br><br>Lend your ear - ല ളിതവും രസകരവു മായ ഇംഗ്ലീഷ് record ചെയ്ത് | Academic Year Classroom Activity Assembly | English Teachers |

| | | | |
|---|---|---|---|
| | കേൾപ്പിക്കുന്നു. ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം പ്രശസ്ത കവികളുമായുള്ള ആശയവിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. Magazine,book Reviews | | |
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള video കാണിക്കുന്നു News Recording കേൾപ്പിക്കുന്നു. | Class room Activity | English Teachers |
| | English fest, English Film കാണാനുള്ള അവസരം | Academic Year ൽ ഒന്ന് | |
| സംവാദ സദസുകൾ സംഘടിപ്പിക്കുക | Classroom Debate | Class room Activity | English Teachers |

| **മേഖല - അക്കാദമികം** | | **ഉപമേഖല-ഐ.ടി പരിശീലനം** | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക | 1. ഐ.ടി പഠനത്തിന് അനുയോജ്യമായ വിധം ക്ലാസ് മുറികൾ രൂപകല്പന ചെയ്യുന്നു. | ജൂൺ, ജൂലൈ | ഐ.ടി കോ-ഓർഡിനേറ്റർ |
| 2. ഐ.ടി അധിഷ്ഠിത വിഷയ പഠനരീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും | 2. ഓരോ കുട്ടിക്കും ഓരോ ലാപ്ടോപ്പ് ഉപയോഗിക്കാൻ | ആദ്യ മാസങ്ങളിൽ | പി.ടി.എ എല്ലാ ടീച്ചർമാരും |

| | | | |
|---|---|---|---|
| സമൂഹത്തിനും ധാരണ ലഭിക്കുക | സാധിക്കും വിധത്തിൽ സാഹചര്യമുള്ള മേശ, കസേര, വൈദ്യുത പോയിന്റുകൾ തുട ങ്ങിയവ ക്രമീകരിക്കൽ | | |
| | 3. പി.ടി.എയ്ക്കും സമൂഹത്തിനും വിഷയാ ധിഷ്ഠിത ഐ.ടി പരിശീല നത്തെപ്പറ്റി ധാരണയു ണ്ടാക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | ഐ.ടി കോ-ഓർഡിനേറ്റർ |
| പ്ലാസ്റ്റിക് വിരുദ്ധ വിദ്യാലയം | പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് ഇക്കോ ഇഷ്ടികകൾ നിർമ്മിക്കുന്നു.<br>ഇക്കോ ഇഷ്ടികകൾ ഉപയോഗിച്ച് വൃക്ഷ ത്തിന്റെ ചുറ്റും ഇരിപ്പിടം നിർമ്മിക്കുന്നു. | | സീഡ് ക്ലബ്ബ് കൺവീനർ |

| മേഖല - അക്കാദമികം | | ഉപമേഖല-പ്രവൃത്തി പരിചയ പഠനം | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. കുട്ടികളിൽ നിർമ്മാണ ശേഷി വളർത്തുക | പ്രവൃത്തി പരിചയ പഠനത്തിന് ആവശ്യ മായ സൗകര്യങ്ങളോ ടുകൂടിയ ഹാൾ രൂപീ കരിക്കുക | ഒക്ടോ ബർ, മാർച്ച് | എസ്.എം.സി കൺവീനേഴ്സ്, പി.ടി.എ |
| 2. അനുയോജ്യ മായ രീതിയിൽ ഹാളും ഉപകര ണങ്ങളും സംഘ ടിപ്പിക്കുക | അനുയോജ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുക | നവംബർ | പി.ടി.എ എച്ച്.എം. ചുമതലപ്പെടു ത്തുന്ന അധ്യാപകർ |

| മേഖല - അക്കാദമികം | | | ഉപമേഖല-ഹരിത പരിസരം |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1.സസ്യശാസ്ത്ര വുമായി ബന്ധ പ്പെട്ട നിരീക്ഷണ പരീക്ഷണ ങ്ങൾക്ക് അവ സരം നൽകുക | 1. സ്കൂൾ കോമ്പൗണ്ടിലുള്ള സസ്യങ്ങളുടെ പേരുകൾ ശേഖരിച്ച് വിദ്യാലയ ജൈവ രജിസ്റ്റർ തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ | സീഡ് ക്ലബ്ബ് കൺവീനർ |
| 2. പാഠ്യപദ്ധതി സൂചിപ്പിക്കുന്ന വിവിധതരം സസ്യങ്ങളെ സ്കൂൾ കോമ്പൗണ്ടിൽ വളർത്തുക | 2. . അനുയോജ്യമായ ഭൗതികസാ ഹചര്യങ്ങൾ ഒരുക്കൽ | ജൂൺ, മാർച്ച് | ഹരിത ക്ലബ്ബ് കൺവീനർ |
| | 3. 510 ക്ലാസുകളിലെ പാഠഭാഗങ്ങ ളിലെ സസ്യങ്ങളുടെ ലിസ്റ്റ് തയ്യാറാ ക്കുന്നു.<br>4. ചെറുകുളം നിർമ്മിക്കൽ | നവംബർ | സയൻസ് ടീച്ചേഴ്സ് |
| ഹരിത വിദ്യാലയം | 5. പക്ഷികളേയും ജന്തുക്കളേയും ആകർഷിക്കുന്ന ജൈവഉദ്യാനം നിർമ്മിക്കുന്നു. | | സീഡ് ക്ലബ്ബ് ഹരിത ക്ലബ്ബ് |
| | പ്രകൃതിപഠനം | | |

| മേഖല - അക്കാദമികം | | | ഉപമേഖല-ദിനാചരണം |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. ദിനാഘോഷവുമായി ബന്ധ പ്പെട്ട വിവിധ പ്രവർത്തനങ്ങൾ | പ്രോജക്ടുകൾ | | കൺവീ നേഴ്സ് |
| 2.ഓരോ ദിനാചരണത്തിനും അനുയോജ്യമായ പ്രവർത്തന ങ്ങൾ കണ്ടെത്തി ആ ദിവസം നടപ്പിലാക്കുക | സെമിനാറുകൾ, ചിത്രരചന പ്രസംഗം കവിത, ക്വിസ്, പ്ലക്കാർഡ് നിർമ്മാണം | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| 3. ദിനാഘോഷങ്ങളെ പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തുക | കലാപരിപാടികൾ | കൺവീനേഴ്സ് | |

| | | | |
|---|---|---|---|
| **മേഖല - അക്കാദമികം** | **ഉപമേഖല-ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ** | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള ഗവേഷണം നടത്തി പരിഹാരം കണ്ടെത്തുക. | 1. കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നു | ജൂൺ, ആഗസ്റ്റ് | ക്ലാസ് ടീച്ചേഴ്സ് |
| 2.പഠന നേട്ടത്തിന് അനുയോജ്യമായ രീതിയിലുള്ള ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | 2. പഠനപ്രശ്നങ്ങളിൽ ഗവേഷണം നടത്തുന്നു. (എല്ലാ അദ്ധ്യാപകരും ഒരു ഗവേഷണം എങ്കിലും നടത്തിയിരിക്കണം) | ജൂൺ, മാർച്ച് | ക്ലാസ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| **മേഖല -ഭൗതികം** | **ഉപമേഖല-ഓഫീസ് ഡിജിറ്റലൈസേഷൻ** | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൻ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ,അറ്റന്റൻസ് രജിസ്റ്റർ,റ്റി.സി രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | പ്രിൻസിപ്പൽ എച്ച്.എം, ക്ലർക്ക്, എസ്.ആർ.ജി കൺവീനർ |

| മേഖല - ഭൗതികം | ഉപമേഖല-കുടിവെള്ള വിതരണം | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ശുദ്ധജലം(കുടിവെള്ളം) യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജലവിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം, ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ്ടബ്ബ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ, കുട്ടികൾക്ക് ആവശ്യമായ രീതിയിൽ കുടിവെള്ളം എല്ലാ സ്ഥലങ്ങളിലും എത്തിക്കാനുള്ള പ്രവർത്തനങ്ങൾ | 6 മാസം | ഹെഡ്മിസ്ട്രസ് പി.ടി.എ. |

| മേഖല -ഭൗതികം | ഉപമേഖല-ചിൽഡ്രൻസ് പാർക്ക് | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിനു മുന്നിലുള്ള മുറ്റത്ത് ചിൽഡ്രൻസ് പാർക്ക് ഒരുക്കൽ | 2 വർഷം | പി.ടി.എ എൽ.എസ് |
| എം. എൽ. എ | ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | | ജി.ഡി |

| മേഖല - ഭൗതികം | ഉപമേഖല- ഡൈനിംഗ് ഹാൾ | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| പഠനം എന്നാൽ ശുചിത്വവും ആരോഗ്യവും ചേർന്നതാണ് | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ . | 2 വർഷം | . പി.ടി.എ എൽ.എസ് ജി.ഡി |

| മേഖല - ഭൗതികം | | | ഉപമേഖല-ടോയ്‌ലറ്റ് |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. 25 കുട്ടികൾക്ക് ഒന്ന് എന്ന രീതി യിൽ ടോയ്‌ലറ്റ് നിർമ്മിക്കുക | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ടോയ്‌ലറ്റ് സമുച്ചയം നിർമ്മിക്കൽ | 2 വർഷം | പി.ടി.എ എൽ.എസ് ജി.ഡി |
| ശുചിത്വമുള്ളതും ശിശുസൗഹൃദവു മായ ടോയ്‌ലറ്റ് നിർമ്മിക്കുക | | | |
| ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടി കളെ പരിഗണിച്ചു കൊണ്ടുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുക | | | |
| നിലവിലുള്ള ടോയ്‌ലറ്റുകൾ നവീകരിക്കുക | | | |
| ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുക | | | |

| മേഖല -സാമൂഹികം | | ഉപമേഖല-.പി.ടി.എ ശക്തിപ്പെടുത്തുക | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. സ്കൂളിന്റെ സമഗ്ര വികസനത്തിൽ പങ്കാളികളാക്കുക. | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദ മായ സമയത്ത് പി.ടി.എ യോഗങ്ങൾ | | എസ്.എസ്.ജി എസ്.ആർ.ജി |
| 2. സ്കൂൾ വിക സന പദ്ധതിയിൽ പരാമർശിച്ച വയ്ക്ക് | | | |

| | | | |
|---|---|---|---|
| ആവശ്യമായ ഫണ്ട് ശേഖരിക്കലും സമയബന്ധിതമായി തീർക്കലും | | | |

| **മേഖല - സാമൂഹികം** | | **ഉപമേഖല- വിദ്യാലയ വികസനസമിതി** | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1.വിദ്യാലയ വികസന പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികം വിവിധ ഏജൻസികളിൽ നിന്ന് സ്വരൂപിക്കുക | വിദ്യാലയത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു | | എസ്.എസ്.ജി എൽ.എസ്.ജി.ഡി |
| 2. വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക | | | |

| **മേഖല -സാമൂഹികം** | | **ഉപമേഖല- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം** | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. വിദ്യാലയ വികസന പദ്ധതിക്ക് അനുയോജ്യമായ മാനുഷിക വിഭവങ്ങൾ നൽകൽ<br><br>2. പാചകപ്പുര, ആഡിറ്റോറിയം, മെസ് ഹാൾ നവീകരണത്തിനും | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ, അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി |

| | | | |
|---|---|---|---|
| ആവശ്യമായ ധനം കണ്ടെത്തുക<br>3. വിദ്യാലയ മികവുകൾ പൊതുസമൂഹത്തിനായി പങ്കിടൽ | | | |

**മേഖല - സാമൂഹികം** **ഉപമേഖല- ഗ്രന്ഥശാലകൾ,ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, പൂർവ്വാധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ശാസ്ത്രീയമായി തയ്യാറാക്കിയ ലൈബ്രറി,ബഹു ഭാഷാ ലൈബ്രറി, സി. ഡി. ലൈബ്രറി. ഇവയെ സ്കൂളുമായി ബന്ധിപ്പിക്കൽ. | പൂർവ്വാധ്യാപകരെ മധ്യ വേനൽ അവധിക്കാലത്ത് പ്രയോജനപ്പെടുത്തി ക്ലാസ്. | അവധി ദിവസങ്ങൾ | എസ്. എസ്. ജി |
| 2. ക്ലബ്ബുകളുടെ സ്രോതസ്സുകൾ ( സ്പോർട്സ് ഉപകരണങ്ങൾ , കോർട്ടുകൾ, ആർ. പി. മാർ തുടങ്ങിയവ ) സ്കൂൾ ആവശ്യത്തിനായി പ്രയോജനപ്പെടുത്തുക | | | |
| 3. സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തുക. | | | |
| 4. പൂർവ്വാധ്യാപകരുടെ പങ്കാളിത്തം | | | |

| | | | |
|---|---|---|---|
| **മേഖല -സാമൂഹികം** | **ഉപമേഖല- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ** | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1. സ്കൂളുകളിലെ വിവിധ മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുക അങ്ങനെ മൂല്യങ്ങൾ പൊതുസമൂഹത്തിന്റേതുകൂടിയാക്കുക | വിദ്യാലയത്തിന്റെ സമീപം ഉള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം സമർപ്പിക്കൽ. ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതുവാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | പ്രതി ദിനം | സ്കൂൾ പാർലമെന്റ് |
| **മേഖല - സാമൂഹികം** | **ഉപമേഖല-ക്ലാസ്, പി.ടി.എ മാതൃകാപരമാക്കുന്നതി നുള്ള നടപടികൾ** | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ക്ലാസിലെ അധ്യാപകരുടേയും കുട്ടികളുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മ രൂപീകരിക്കുക. ക്ലാസിലെ പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പിന്തുണ നൽകൽ. പഠനപ്രവർത്തനങ്ങളെകുറിച്ചുള്ള കുട്ടികളുടെ പ്രതികരണങ്ങൾ. കഴിവുകൾ, പ്രശ്നങ്ങൾ അധ്യാപകരുമായി പങ്കുവയ്ക്കൽ | ക്ലാസ് പി.ടി.എ കൃതിയമായ അജണ്ട വച്ച് പ്രതിമാസം ചേരൽ,പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം , പൊതുചർച്ച എന്നിവ ഉണ്ടാകണം | പ്രതി മാസ പരി പാടി | ക്ലാസ് ടീച്ചർ |

# പ്രതീക്ഷിത നേട്ടങ്ങൾ

1) ഇംഗ്ലീഷ് പഠനപരിപോഷണത്തിലൂടെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള നേട്ടം കൈവരിക്കുന്നു.
2) വായനാപരിപോഷണത്തിലൂടെ കുട്ടികൾക്ക് കൂടുതൽ വായിക്കുവാനുള്ള അവസരം കൂടാതെ വായന ഒരു ശീലമാക്കാം . വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും നടത്താം.
3) ഗണിതശേഷി വികസനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ ഗണിതനിലവാരം ഉയർത്തുക. ഗണിത സാമഗ്രികൾ ശേഖരിക്കുകയും നിർമ്മിക്കുകയും ചെയ്യൽ. പഠിച്ച ഗണിതാശയങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ കഴിയുന്നു.
4) ഐ. ടി. പരിശീലനത്തിലൂടെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാൻ സ്വയം പ്രാപ്തി നേടുകയും ധാരണ ലഭിക്കുകയും ചെയ്യുന്നു.
5) പ്ലാസ്റ്റിക് നിരോധനവിദ്യാലയം, ഹരിത വിദ്യാലയം എന്നിവയിലൂടെ വിദ്യാലയത്തിനെ പ്ലാസ്റ്റിക് മുക്തമാക്കാനും പ്ലാസ്റ്റിക് ഫലപ്രദമായി ഉപയോഗിക്കാനും കുട്ടികൾ പഠിക്കുന്നു.
6) ജൈവഉദ്യാനം നിർമ്മിക്കുന്നതുമൂലം കുട്ടികൾക്ക് സസ്യങ്ങൾ നേരിട്ട് നിരീക്ഷിച്ച് പഠിക്കുവാനുള്ള അവസരമൊരുക്കുന്നു.
7) എന്റെ തൂലിക പദ്ധതി നടപ്പിലാക്കുന്നതിനാൽ കുട്ടികൾ എഴുതിതീർന്ന പേനകൾ സ്കൂൾ കോമ്പൗണ്ടിൽ വലിച്ചെറിയുന്നില്ല.
8) പ്രവൃത്തിപരിചയ പഠനം മൂലം കുട്ടികളിൽ നിർമ്മാണശേഷി വളർത്തുന്നു.
9) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ അറിവ് നേടുന്നു. ദിവസങ്ങളുടെ പ്രത്യേകത മനസ്സിലാക്കുന്നു.
10) ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
11) വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങളെ തടയുവാൻ കഴിയുന്നു.

# മോണിട്ടറിംഗ് രീതി

| | | |
|---|---|---|
| അക്കാദമികം | - | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി, എച്ച്.എം. |
| ഭൗതികം | - | പി.ടി.എ, എം.പി.ടി.എ ,എസ്.എസ്.ജി. |
| സാമൂഹികം | - | പി.ടി.എ. , സ്കൂൾ സുരക്ഷാ സമിതി |

# ഉപസംഹാരം

**പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി പി.ടി.എ അംഗങ്ങൾ, പ്രിൻസിപ്പൽ, എച്ച്.എം, അധ്യാപകർ, എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ, തദ്ദേശസ്വയംഭരണ അംഗങ്ങൾ തുടങ്ങിയവർ കൂട്ടായി പരിശ്രമിച്ചു. സ്കൂൾതല മോണിറ്ററിംഗ് സമിതി ഈ പ്രവർത്തനങ്ങൾ ഓരോ മാസവും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം. നന്മകളാൽ സമൃദ്ധമായ നമ്മുടെ ഈ സരസ്വതിക്ഷേത്രത്തിന് നിരവധി പേരെ ഉന്നതങ്ങളിലേക്ക് ഉയർത്തുവാൻ കഴിയും. പ്രാക്കുളം ദേശത്ത് നൂറുവർഷത്തിന്റെ ചരിത്രവുമായി തലഉയർത്തിനിൽക്കുന്ന എൻ എസ് എസ് ഹയർസെക്കന്ററി സ്കൂളിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വിദ്യാലയത്തിന്റെ വളർച്ചയും പുരോഗതിയും കൂടുതൽ മെച്ചപ്പെടുത്താനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.**

## കുട്ടികളുടെ എണ്ണം 2022-2023

| വിഭാഗം | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** |
| കുട്ടികളുടെ എണ്ണം | 56 | 58 | 48 | 56 | 56 | 42 | 98 | 67 | 86 | 67 | 85 | 80 | 428 | 370 |
| ആകെ | 114 | | 104 | | 98 | | 165 | | 153 | | 165 | | 798 | |

## കുട്ടികളുടെ എണ്ണം 2023-2024

| വിഭാഗം | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** |
| കുട്ടികളുടെ എണ്ണം | 37 | 41 | 52 | 57 | 48 | 60 | 67 | 52 | 93 | 69 | 86 | 64 | 383 | 343 |
| ആകെ | 78 | | 109 | | 108 | | 119 | | 162 | | 150 | | 726 | |

## കുട്ടികളുടെ എണ്ണം 2024-2025

| വിഭാഗം | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** |
| കുട്ടികളുടെ എണ്ണം | 42 | 36 | 39 | 45 | 54 | 57 | 78 | 72 | 72 | 52 | 93 | 71 | 378 | 333 |
| ആകെ | 78 | | 84 | | 111 | | 150 | | 124 | | 164 | | 711 | |

## കുട്ടികളുടെ എണ്ണം 2025-2026

| വിഭാഗം | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** | **B** | **G** |
| കുട്ടികളുടെ എണ്ണം | 33 | 45 | 42 | 37 | 41 | 50 | 79 | 76 | 80 | 76 | 69 | 55 | 344 | 339 |

| ആകെ | 78 | 79 | 91 | 155 | 156 | 124 | 683 |
|---|---|---|---|---|---|---|---|

**കുട്ടികളുടെ എണ്ണം എച്ച്.എസ്സ്.എസ്സ്**

| `Year | Boys | Girls | Total |
|---|---|---|---|
| **2022-23** | 232 | 201 | 433 |
| **2023-24** | 212 | 225 | 437 |
| **2024-25** | 193 | 240 | 433 |
| **2025-26** | 190 | 235 | 425 |

# അദ്ധ്യാപകർ- നിലവിലുള്ള അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താല്കാലിക നിയമനങ്ങൾ | ഒഴിവുള്ള തസ്തിക |
|---|---|---|---|---|
| യു.പി | 12 | 11 | 1 | - |
| എച്ച്.എസ് | 17 | 17 | - | 1 |
| എച്ച് .എസ്.എസ് | 18 | 18 | - | - |

# നിലവിലുള്ള കമ്മിറ്റികൾ

- പി.ടി.എ
- എസ്.ഡി.സി
- എം.പി.ടി.എ
- സ്കൂൾ സുരക്ഷാ കമ്മറ്റി

# മികവുകൾ, നേട്ടങ്ങൾ

| നടപ്പുവർഷം | |
|---|---|
| ❖ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br>❖ ഹരിത വിദ്യാലയം<br>❖ മാലിന്യമുക്ത വിദ്യാലയം<br>❖ ജൈവ വൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ<br>❖ ഹൈടെക് പ്രവർത്തനങ്ങൾ<br>❖ പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ<br>❖ സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>❖ ഗണിതം ലളിതം<br>❖ ഈസി ഇംഗ്ലീഷ്<br>❖ മധുരം മലയാളം<br>❖ കലാ-കായിക വിദ്യാഭ്യാസം<br>❖ ഭവനസന്ദർശനം | ❖ ക്ലാസ് പി ടി എ<br>❖ പച്ചക്കറിത്തോട്ടം<br>❖ കൗമാര വിദ്യാഭ്യാസം<br>❖ ഹെൽപിംങ് ഹാൻഡ്<br>❖ YIP ശാസ്ത്രരംഗം<br>❖ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>❖ പഠന വിനോദ യാത്ര |